ഖുത്ബ
4.6.2004
നുൻസ്പേറ്റ്, ഹോളണ്ട്.

بسم الله الرحمن الرحيم

# സ്വയം മാതൃകനല്ലെങ്കിൽ തബ്‌ലീഗ് പ്രവർത്തനം വിജയിക്കുകയില്ല; നിന്ദ്യനാകുകയും ചെയ്യും.

وَمَنْ أَحْسَنُ قَوْلًا مِمَّنْ دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ

ഈ ആയത്തിന്റെ തർജമ: അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സൽക്കർമമനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവരിൽപ്പെട്ടവൻ തന്നെയാണെന്ന് പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ലവാക്ക് പറയുന്നവനാരുണ്ട്? (41 : 34)

തന്റെ സൃഷ്ടികൾ ശയ്ത്വാന്റെ വഞ്ചനയിൽനിന്ന് രക്ഷപ്പെട്ട് തന്നെ ആരാധിക്കുന്നതാണ് അല്ലാഹുവിന് ഏറ്റവുമധികം ഇഷ്ടപ്പെട്ടത്. എന്റെ ദാസരെ വഴിതെറ്റിക്കാൻ ശ്രമിച്ചുകൊള്ളുക, അവരെ നന്മയുടെ പാതയിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നെങ്കിൽ ശ്രമിച്ചുകൊള്ളുക എന്നു പറഞ്ഞ് അല്ലാഹു ശയ്ത്വാൻ പൂർണ്ണമായും ഇളവ് നല്കിയിരിക്കുന്നു. അതിനോടൊപ്പം എന്റെ ദാസന്മാരെ നന്മയിൽ നിലനിറുത്തുന്നതിനുവേണ്ടി പ്രവാചകന്മാർ വന്നുകൊണ്ടിരിക്കുമെന്നും പറഞ്ഞിരിക്കുന്നു. എന്നെ ആരാധിക്കുന്നവരും എന്റെ മുമ്പിൽ കുനിയുന്നവരും എന്നിലേക്ക് സൃഷ്ടികളെ കൊണ്ടുവരിക എന്ന കടമനിറവേറ്റുന്നവരും അവരെ വിശ്വസിക്കുന്നവരിൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അവരായിരിക്കും നന്മയിൽ നിലകൊള്ളുന്നവരും വിജയം വരിക്കുന്നവരും. അവർതന്നെയാണ് അനശ്വരമായ എന്റെ സ്വർഗത്തിന്റെ അവകാശികൾ. അവർ നന്മ ഉപദേശിക്കുന്നവരും ആരാധിക്കുന്നവരും സൽക്കർമങ്ങളനുഷ്ഠിക്കുന്നവരുമായിരിക്കും. ഈ വേദനയോടുകൂടി നന്മ ഉപദേശിക്കുന്നവരും നന്മയിൽ നിലകൊള്ളുന്നവരുമായവരെ, ഏ ശയ്ത്വാൻ! നിനക്കൊരു ക്ഷതവുമേല്പിക്കാൻ കഴിയുകയില്ല. പക്ഷേ, ബലാൽക്കാരമൊന്നുമില്ലാത്തതുകൊണ്ട് ശയ്ത്വാന്റെ വഞ്ചനയിൽ പ്പെടുന്നവരുമുണ്ടാകും. അവർ ശയ്ത്വാനെ പിൻപറ്റുന്നവരായിരിക്കും. ഇവർ പ്രകാശത്തെ ഉപേക്ഷിച്ചുകൊണ്ട് അന്ധകാരങ്ങളിലേക്ക് പോകുന്നവരായിരിക്കും. അവരുടെ വാസസ്ഥാനം നരകമായിരിക്കും. പറഞ്ഞു: ഞാൻ അവരെ നരകത്തിലിടുകതന്നെ ചെയ്യും! ഇങ്ങനെ രണ്ടുതരത്തിലുള്ള കക്ഷികളാണുള്ളത്. ഒന്ന് അല്ലാഹുവിനെ ആരാധിക്കുന്നവർ. മറ്റത് ശയ്ത്വാന്റെ ചതിയിൽ വീഴുന്നവർ. അല്ലാഹുവിനെ ആരാധിക്കുന്നവർ വേദനയോടുകൂടി മറ്റുള്ളവരെയും അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരാണ്. അല്ലാഹുതആല അഹ്മദികളായ നമുക്ക് എത്ര വലിയ പാരിതോഷികമാണ് നല്കിയിട്ടുള്ളത്. എത്ര വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. എല്ലാ നബിമാരേയും ദൃഢമായി വിശ്വസിക്കുകയും അവരിൽ ഈമാൻ കൊള്ളുകയും ചെയ്യുന്ന കക്ഷിക്കാരിൽ ഉൾപ്പെടാൻ അവൻ നമുക്ക് സൗഭാഗ്യം നല്കി. എല്ലാത്തിനെക്കാളുമുപരി സമ്പൂർണ്ണമാർഗ്ഗദർശകനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ സമുദായത്തിൽ ഉൾപ്പെടുത്തി. പിന്നീട് ആ സമ്പൂർണ്ണ മാർഗ്ഗദർശകനെ എല്ലാ വിധത്തിലും അതിരറ്റ് സ്നേഹിക്കുന്ന ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ അംഗമാക്കി അനുഗ്രഹിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നാം നമ്മെ എത്രമാത്രം ഭാഗ്യവാന്മാരായി മനസ്സിലാക്കിയാലും അതു കുറവായിരിക്കും. ഈ ഔദാര്യത്തിന് അല്ലാഹുവിനോട് എത്രമാത്രം നന്ദികാണിച്ചാലും കുറവായിരിക്കും. എന്നാൽ, അല്ലാഹുവിന്റെ ഈ ഔദാര്യം നമ്മളിൽ ഒരു ഉത്തരവാദിത്തവും ഇടുന്നുണ്ടെന്ന് നാം അറിയേണ്ടതാണ്. നിങ്ങൾ കരസ്ഥമാക്കിയിരിക്കുന്ന വിലപിടിച്ച ഖജനാവിനെ, നിങ്ങൾ പ്രാപിച്ച വിലമതിക്കാനാവാത്ത മുത്തിനെ, ആയിരക്കണക്കിന് വർഷമായി മണ്ണിന്നടിയിൽ മൂടപ്പെട്ടുകിടന്നിരുന്ന ആ ഖജനാവുകളെ നിങ്ങളിൽമാത്രം വേലികെട്ടി നിറുത്താതെ മറ്റുള്ളവർക്കും എത്തിച്ചുകൊടുക്കുക. കാരണം അതു കിട്ടിയതിനുശേഷമേ മനുഷ്യന് അല്ലാഹുവിനോളം എത്താൻ കഴിയൂ, അവരേയും ശയ്ത്വാന്റെ പിടിയിൽനിന്ന് മോചിപ്പിക്കുക. അല്ലാഹുവിനെ ആരാധിക്കുന്ന ദാസരാക്കിത്തീർക്കുക. ഏതൊന്നാണോ നിങ്ങൾ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നത് അത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്ന ഹദീസനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരുക. അവരേയും ഇതിൽ ഭാഗവാക്കാക്കുക. ആ ഖജനാവിനെ അമർത്തിവെച്ചിരിക്കരുത്. ലോകത്തുള്ള ഓരോ വ്യക്തിയ്ക്കും അതെത്തിച്ചുകൊടുക്കുക. മുസ്‌ലിംകൾക്കും എത്തിച്ചുകൊടുക്കുക; അവർ മറന്നിരിക്കുകയാണ്. മഹ്ദിയോ മസീഹോ വന്നിട്ട് തങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കുമെന്ന പ്രതീക്ഷയിലാണവർ. ഇപ്രതീക്ഷയിലിരുന്ന് അവർ ദജ്ജാലിന്റെ കാപട്യത്തിനു കീഴിൽ അമർന്നുകൊണ്ടിരി

ക്കുന്നു. നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഭാഗത്തുനിന്നും ഇവരുടെ മേൽ ബലപ്രയോഗമാണ്. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് അവർക്ക് മനസ്സിലാകുന്നില്ല. എത്രത്തോളമെന്നാൽ, മുസ്ലീംകൾക്ക് തങ്ങളുടെ സ്വന്തം രാജ്യത്തു പോലും സ്വതന്ത്രമായി ശ്വസിക്കാൻ അവകാശമില്ലാതായിരിക്കുന്നു. ദജ്ജാൽ അവരെക്കൊണ്ട് ചെയ്യിക്കാനാഗ്രഹിക്കുന്നത്, സ്വന്തം നാട്ടിൽ വെച്ചുപോലും ചെയ്യാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു അവർ.

ഈ മുസ്ലിംകൾ, സ്വാർത്ഥമതികളായ മൊല്ലാമാരുടേയും ദജ്ജാലി ശക്തികളുടേയും കൈയിൽ കുടുങ്ങി അക്രമത്തിന്റെ ചക്കിലിട്ട് അരയ്ക്കപ്പെടുകയാണ്. ഇന്ദ്രിയ സുഖതൽപ്പരരായ മൊല്ലാമാർ അവരെ മതത്തിൽ നിന്നും അകറ്റിക്കളഞ്ഞു. മുസ്ലിംകളായിരുന്നിട്ടും, അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും അകന്നുപോയിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യരോടു പൊതുവെ സഹതാപമുള്ളവരാണ് അഹ്മദികൾ. നബി (സ) തിരുമേനിയുടെ അനുയായികളെന്ന് പറയുന്ന കാരണത്താൽ മുസ്ലിംകളോട് പ്രത്യേകമായ സഹതാപമാണ് അഹ്മദികൾക്കുള്ളത്. ആ മുസ്ലിംകളെ ഈ അന്ധകാരങ്ങളിൽ നിന്ന് പുറത്തുകൊണ്ടുവരേണ്ടത് നമ്മുടെ കടമയാണ്. മഹ്ദീ മസീഹിന്റെ ജമാഅത്തിൽ ചേർന്നാൽ വിജയം വരിക്കാമെന്നുള്ള ദൈവിക സന്ദേശം നാം അവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്. ഇപ്രകാരംതന്നെ ക്രിസ്ത്യാനികൾക്കും മറ്റു മതാനുയായികൾക്കും ഇസ്ലാം - അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിച്ചുകൊടുക്കുക. ഹൃദയം നൊന്ത് ഇവർക്കുവേണ്ടിപ്രാർത്ഥിക്കുക. അവരെ അല്ലാഹുവിനെ ആരാധിക്കുന്നവരാക്കി തീർക്കുക. വളരെ വേഗത്തിൽ നാശം വന്നുകൊണ്ടിരിക്കുന്നു. നാശത്തിലേക്ക് ലോകം കുതിയ്ക്കുകയാണ്. ഇതിന്റെ ശക്തികുറയ്ക്കുന്നതിനുവേണ്ടി നാം ഈ ഭാഗത്തേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമേ നമ്മൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഉത്തമരാകുകയുള്ളൂ. എങ്കിൽമാത്രമെ ഉത്തമസമുദായമെന്നനിലയിലുള്ള കടമ നിറവേറ്റാൻ നമ്മുക്ക് സാധിക്കുകയുള്ളു. തന്റെ സമുദായത്തിലെ ഒരാൾ മുഖേന മറ്റൊരാൾക്ക് സന്മാർഗം ലഭിച്ചപ്പോൾ നബി (സ) തിരുമേനിക്ക് എത്രമാത്രം സന്തോഷമാണുണ്ടായത്? അതിന്റെ നില ഈ ഹദീസിൽ നിന്ന് നമുക്കു മനസ്സിലാക്കാം.

ഹസ്റത്ത് സഹ്ൽ ബിൻ സഅ്ദ് നിവേദനം ചെയ്യുന്നു. നബി (സ) ഹസ്റത്ത് അലിയോടു പറഞ്ഞു: അല്ലാഹുവാണെ! നീ മുഖേന ഒരാൾ സന്മാർഗ്ഗം പ്രാപിച്ചാൽ അതു ഉന്നതക്കിടയിലുള്ള ചെമന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാൾ നിനക്ക് ഉത്തമമാണ്. അക്കാലത്ത് ചെമന്ന ഒട്ടകത്തെ വളരെ വിലയും നിലയുമുള്ളതായി കണ്ടിരുന്നു; ആധുനിക കാറുകളെപ്പോലെ, എന്നല്ല അതിലും അധികം. കാരണം അക്കാലത്ത് യാത്രയ്ക്കുള്ള മാർഗ്ഗം പ്രത്യേകിച്ച് മരുഭൂമിയിൽ ഒട്ടകം തന്നെയായിരുന്നു. നബി (സ) പറഞ്ഞു: ഭൗതികാടിസ്ഥാനത്തിൽ ഒരു സമ്മാനത്തിന് ഉന്നതമായ നിലയുണ്ടായിരിക്കും. അതിനെക്കാളുപരി ആരെയെങ്കിലും നേരായപാതയിൽ കൊണ്ടുവന്ന് നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകാവുന്നതാണ്. അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നവർക്ക് ലഭിക്കുന്ന സമ്മാനത്തിന് സമാനമായി ഒന്നും തന്നെ ഭൗതിക ദൃഷ്ടിയിലില്ല. അതു മനുഷ്യചിന്തയ്ക്കതീതമാണ്. അതുകൊണ്ട് ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കുക. ഇസ്ലാമികാധ്യാപനങ്ങളെ എത്തിക്കുക എന്നത് ഇവിടെയുള്ള നിങ്ങളുടേയും കടമയാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "നമ്മുടെ കഴിവിൽപ്പെട്ടതായിരുന്നെങ്കിൽ നാം ഫക്കീറുമാരെ പ്പോലെ ഓരോ വീട്ടിലും കയറിയിറങ്ങി അല്ലാഹുവിന്റെ സത്യദീനിനെ പ്രചരിപ്പിക്കുമായിരുന്നു. മനുഷ്യനെ നശിപ്പിക്കുന്ന ലോകവ്യാപകമായ ശിർക്കിൽ നിന്നും കുഫ്റിൽനിന്നും (ബിംബാരാധന, സത്യനിഷേധം) ജനങ്ങളെ രക്ഷിക്കുമായിരുന്നു. അല്ലാഹു നമ്മെ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നെങ്കിൽ, നാം തന്നത്താൻ ചുറ്റിക്കറങ്ങി, പര്യടനം നടത്തി തബ്ലീഗ് ചെയ്യുകയും ആ തബ്ലീഗിൽ തന്നെ ജീവിതം അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു; അതിൽ വധിക്കപ്പെട്ടാലും ശരി."

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഈ സന്ദേശം എത്തിച്ചുകൊടുക്കാൻ എത്രമാത്രം ആവേശമാണുണ്ടായിരുന്നതെന്ന് നോക്കുക. അതുകൊണ്ട് ഇപ്പോൾ മുൻഗണന നല്കി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ മാറ്റുന്നതിലേക്ക് നാം ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹുവിന്റെ സന്ദേശം ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതിന് നാമും ഗൗരവമുള്ളവരാകേണ്ടതാണ്. അപ്പോൾ മാത്രമേ, മസീഹ് മൗഊദ് (അ) ന്റെ ബയ്അത്തിൽ ഉൾപ്പെട്ടവരാണെന്ന നമ്മുടെ വാദം സത്യമാകുകയുള്ളൂ.

ഇന്ന് ജിഹാദു ചെയ്യാൻ വാളെടുക്കുന്നതിനുവേണ്ടി നമ്മെ വിളിക്കുന്നില്ല. അമ്പുകളുടെ മുന്നിൽ നിന്ന് ഇസ്ലാമിനെ പ്രതിരോധിക്കുന്നതിനുവേണ്ടിയും നമ്മെ ക്ഷണിക്കുന്നില്ല. പീരങ്കിയുടെ മുന്നിൽ നെഞ്ചുവിരിച്ച് നില്ക്കാനും നമ്മോടു പറയുന്നില്ല. നമ്മളോട് ഇന്ന് പറയുന്നത് ഒന്നു മാത്രമാണ്: നിങ്ങളുടെ ധനത്തെ ദീനീ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുക. സമയത്തെയും മതപരമായ പാതയിൽ ചെലവഴിക്കുക. ഇന്ന് ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങളുടെ വിലമതിക്കാനാവാത്ത ഖജനാവുകൾ നമുക്ക് തന്നിരിക്കുകയാണ്. ഇതിന്റെ സഹായത്താൽ തെളിവുകൾ മുഖേന നാം ശത്രുവിന്റെ വായടപ്പിക്കാൻ കഴിവുള്ളവരായിത്തീർന്നിരിക്കുന്നു. ആ

തെളിവുകൾക്കു മുമ്പിൽ ഇന്ന് ഒരു ക്രിസ്ത്യാനിയ്ക്കും പിടിച്ചുനില്ക്കാനാവില്ല. യഹൂദിയ്ക്കോ ഹിന്ദുവിനോ മറ്റാർക്കെങ്കിലുമോ പിടിച്ചു നില്ക്കാനാവില്ല. ഞാൻ ആദ്യമെ പറഞ്ഞതുപോലെ, ഈ തെളിവുകൾകൊണ്ടുമാത്രമെ നിരപരാധികളായ മുസ്‌ലിം സമുദായത്തെ സ്വാർത്ഥമതികളും സ്വന്തം കാര്യം മാത്രം നോക്കുന്നവനും നാമമാത്രമായ ഉലമാക്കളുടെ പിടിയിൽനിന്ന് രക്ഷിക്കാൻ കഴിയുകയുള്ളു. അവരുടെ ജോലി വെറും ഫിത്നയും ഫസാദും ഉണ്ടാക്കുക എന്നതുമാത്രമാണ്. ഇപ്പോൾ അവരുടെ പത്രങ്ങൾ തന്നെ വിളിച്ചുപറയുന്നുണ്ട്. എല്ലാമെഴുതുന്നുമുണ്ട്. ദിനപത്രങ്ങൾ ഇക്കാര്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ പേരിൽ മൊല്ലായുടെ കലാപം എന്ന പ്രയോഗം പാട്ടായിരിക്കുന്നു. പാക്കിസ്ഥാനിലാണെങ്കിലും, ഇന്ത്യയിലാണെങ്കിലും ബംഗ്ലാദേശിലാണെങ്കിലും മറ്റേതെങ്കിലും ഇസ്‌ലാമിക രാഷ്ട്രങ്ങളിലാണെങ്കിലും എല്ലായിടത്തും മുസ്‌ലീംകളെ ഇസ്‌ലാമിക അധ്യാപനങ്ങളിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുന്നു. സ്വാർത്ഥമതികൾ നേട്ടം കൊയ്തുകൊണ്ടിരിക്കുന്നു. ബംഗ്ലാദേശിലും കുറച്ചുദിവസം മുമ്പേ വലിയ കലാപം ഉണ്ടായി. പക്ഷേ, മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ബംഗ്ലാദേശിലെ പൊതുജനങ്ങളിൽ ഇപ്പോൾ കൂടുതൽ മാനവും മര്യാദയും കാണുന്നുണ്ട്. അല്ലാഹുവിന്റെ പേരിൽ മൊല്ലമാർ നടത്തുന്ന കലാപങ്ങൾക്കെതിരെ അവർ പ്രതികരിക്കുന്നു. അല്ലാഹുതആല ഇവർക്കിതിന് പ്രതിഫലം നല്കുമാറാകട്ടെ. ധീരതയോടെ അടുത്ത ചുവടും വയ്ക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവരെ ഇക്കാലത്തെ ഇമാമിനെ തിരിച്ചറിഞ്ഞ് വിശ്വാസാർഹരാക്കി ത്തീർക്കുമാറാകട്ടെ.

അല്ലാഹുതന്നിലേക്ക് വിളിക്കുന്നതിനുവേണ്ടി നമുക്ക് വഴികളും എളുപ്പമാക്കിത്തന്നിരിക്കുന്നു. ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും തന്റെ സന്ദേശമെത്തിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളും മാധ്യമങ്ങളും അല്ലാഹു സംഘടിപ്പിച്ചു നമുക്കുതന്നിരിക്കുന്നു. ഇന്ന് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിലൂടെ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തനം നടന്നുവരുന്നു. ഈ പ്രവർത്തനത്തിന് ഇരുപത്തിനാലു മണിക്കൂറും അർപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ അറിവിൽ കുറവുണ്ടെങ്കിൽപ്പോലും ഇതു മുഖേന ഫലമെടുക്കാൻ കഴിയുന്നതാണ്. ശ്രദ്ധ വേണമെന്നേയുള്ളൂ. അതാണാവശ്യം. ജനങ്ങൾ അസ്വസ്ഥരായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നമ്മളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. എല്ലാ സംവിധാനങ്ങളും നമുക്കുണ്ട്. അതു ശ്രദ്ധിക്കാൻ അഭ്യർത്ഥിക്കുന്നു. ലോകത്തുള്ള ഓരോ അഹ്മദിയും, വർഷത്തിൽ കുറഞ്ഞത് ഒന്നോ രണ്ടോ പ്രാവശ്യം ഒന്നു മുതൽ രണ്ടു വരെ ആഴ്ച ഇക്കാര്യത്തിനായി വഖ്ഫ് ചെയ്യേണ്ടത് തങ്ങളുടെ നിർബന്ധകടമയായി നിശ്ചയിച്ചുറപ്പിക്കുക. ഇതു ഞാൻ പറയുന്നത് ആദ്യം കണ്ടവരുമായി വീണ്ടും ബന്ധപ്പെടുന്നതിനാണ്. പുതിയ പ്രവർത്തന മൈതാനവും കിട്ടാനിടയുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ തികഞ്ഞ ഗൗരവത്തോടെ, എല്ലാ കഴിവുകളും വിനിയോഗിച്ചുകൊണ്ട് ഓരോരുത്തരും തങ്ങളെ സമർപ്പിക്കേണ്ടതാണ്. ഹോളണ്ടിലെ അഹ്മദിയായാലും, ജർമനിയിലെ അഹ്മദിയായാലും ബൽജിയമിലെയും ഫ്രാൻസിലെയും അഹ്മദിയായാലും അല്ലെങ്കിൽ ഏതു യൂറോപ്യൻ രാഷ്ട്രങ്ങളിലെ അഹ്മദിയായാലും, ലോകത്തുള്ള ഏതു രാഷ്ട്രങ്ങളിലെ അഹ്മദിയായാലും അതു ഘാനയാവട്ടെ, ബുർക്കിനോഫാസോയാകട്ടെ, കാനഡയോ അമേരിക്കയോ ആകട്ടെ, അല്ലെങ്കിൽ ഏതെങ്കിൽ ഏഷ്യൻ രാഷ്ട്രങ്ങളിലെ അഹ്മദിയാകട്ടെ ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കണമെങ്കിൽ ഓരോരുത്തരും ഇത് ഗൗരവമായി എടുക്കേണ്ടതാണ്. ഓരോരുത്തരും അത്യുത്സാഹത്തോടെ ഈ സന്ദേശം എത്തിക്കേണ്ടതാണ്. ഓരോരുത്തരും തങ്ങളുടെ നാട്ടിലെ വാസികൾക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കുക. ഞാൻ പറഞ്ഞതുപോലെ ഇങ്ങനെ ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുക. കാരണം അല്ലാഹുവിലേക്ക് കുനിയാതെ കണ്ട് ഒരു ജനതയും സുരക്ഷിതരല്ല. അതുകൊണ്ട് ഇവരെ രക്ഷിക്കുന്നതിനുവേണ്ടി, അല്ലാഹുവിലേക്ക് വിളിക്കുന്നവരുടെ (ദാഇയാനെ ഇലല്ലാഹ്) പ്രത്യേകമായ എണ്ണവും ടാർഗറ്റും എടുക്കേണ്ട സമയമല്ല ഇത്. ഇതുകൊണ്ട് കാര്യം നടക്കുകയില്ല. ഞാൻ പറഞ്ഞതുപോലെ ഓരോ അഹ്മദിയും ഈ സന്ദേശമെത്തിക്കുന്നതിന് വ്യാപൃതരാകും വിധം ജമാഅത്ത് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഈ പ്രവൃത്തി മുഖേന നിങ്ങൾ ജനങ്ങൾക്ക് ഗുണം ചെയ്യുമ്പോൾ, അവരെ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കുമ്പോൾ നിങ്ങൾക്കും അതുകൊണ്ട് നേട്ടമുണ്ടാകുന്നതാണ്. നിങ്ങൾ നിങ്ങൾക്കുതന്നെയും ഗുണം ചെയ്യുന്നവരായിരിക്കും. പ്രതിഫലം കരസ്ഥമാക്കുന്നവരുമാകും.

നബി (സ) പറഞ്ഞു: "ഒരു നല്ല മാർഗത്തിലേക്ക് - ഹിദായത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവന് തന്നെ അനുഗമിച്ച് പ്രവർത്തിച്ചവനുള്ള തുല്യ പ്രതിഫലം ലഭിക്കുന്നതാണ്; അതു നടപ്പാക്കിയവന് ഒരു കുറവും വരുകയില്ല. ഒരു കുറ്റകൃത്യത്തിലേക്ക് ക്ഷണിച്ചവന് തന്നെ അനുകരിച്ചവന്റെ തുല്യ പാപം അവനുണ്ടായിരിക്കുന്നതാണ്. എന്നാൽ, അതുകൊണ്ട് അവർക്ക് പാപങ്ങളിൽനിന്ന് അല്പം പോലും കുറയുകയില്ലതാനും."

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ പ്രകടനം ഏതു രീതിയിലാണെന്ന് നോക്കുക. ഏതു രീതിയിലാണ് തന്റെ ദാസന്മാർക്ക്, തന്നിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവർക്ക് പ്രതിഫലം എത്തിക്കുന്നത്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "ആയുസ്സ് വർധിപ്പിക്കണമെന്നും ദീർഘകാലം ജീവിച്ചിരിക്കണമെന്നും നിങ്ങളിൽ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അയാൾ കഴിയുന്നിട

ത്തോളം ദീനിനുവേണ്ടി മാത്രം തന്റെ ആയുസ്സ് വഖ്ഫ് ചെയ്ത് കൊള്ളട്ടെ. വഞ്ചന അല്ലാഹുവിന്റെ മുമ്പിൽ നടക്കുകയില്ലെന്ന് ഓർമിച്ചു കൊള്ളുക. അല്ലാഹുവിനെ വഞ്ചിക്കുവാൻ ശ്രമിക്കുന്നവർ തങ്ങളുടെ ആത്മാവിനെ തന്നെയാണ് വഞ്ചിക്കുന്നത്. അതിന്റെ പാതാളത്തിൽ അവർ നശിച്ചൊടുങ്ങും. അതുകൊണ്ട് ആയുസ്സ് വർധിപ്പിക്കുവാൻ ഇതിനെക്കാൾ ഉത്തമമായ ഒരു കുറിപ്പടിയുമില്ല; മനുഷ്യൻ ആത്മാർത്ഥതയോടും തികഞ്ഞ കൂറോടും കൂടി ഇസ്‌ലാമിന്റെ ശബ്ദം ഉയർത്തുന്നതിൽ വ്യാപൃതനാകട്ടെ. മതപരമായ സേവനത്തിൽ മുഴുകട്ടെ. കാരണം, ഇന്ന് ദീനിന് ആത്മാർത്ഥരായ സേവകരെ ആവശ്യമുണ്ട്. ഇങ്ങനെയല്ലെങ്കിൽ ആയുസ്സിന് ഒരു ജാമ്മ്യവും ഉണ്ടായിരിക്കുകയില്ല. അതങ്ങനെയങ്ങ് പോയ്പ്പോകും."

അതുകൊണ്ട് നിനക്ക് ആയുസ്സിൽ അനുഗ്രഹം ഉണ്ടാകണമെങ്കിൽ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികൾ ആകണമെങ്കിൽ, ലോകർക്ക് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ സന്ദേശം എത്തിച്ചുകൊടുക്കുക.

അവിടന്ന് പറയുന്നു: "ഓ, ഭൂവാസികളെ! അല്ലെയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളെ, സത്യമതം ഇന്നു ലോകത്ത് ഇസ്‌ലാം മാത്രമാണെന്നും, വിശുദ്ധ ഖുർആനിൽ പറയപ്പെട്ടദൈവം മാത്രമാണ് സത്യദൈവമെന്നും, ആത്മീയമായി ജീവിച്ചിരിക്കുന്ന പ്രവാചകൻ - എന്നുവെച്ചാൽ, മഹത്വത്തിന്റേയും പരിശുദ്ധിയുടെയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ - ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവൻ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹത്തിന്റെ ആത്മീയമായ ജീവിതത്തിന്റേയും പരിശുദ്ധമായ പ്രതാപത്തിന്റേയും തെളിവ് നമുക്ക് കിട്ടിയിരിക്കുന്നു; അദ്ദേഹത്തെ പിൻപറ്റുകയും സ്നേഹിക്കുകയും ചെയ്യുന്നത് കൊണ്ട് നമ്മൾ റൂഹുൽ ഖുദ്സിന്റേയും ദൈവീകഭാഷണത്തിന്റേയും, ദൈവീക അടയാളങ്ങളുടെയും പാരിതോഷികം പ്രാപിക്കുന്നു."

നമ്മളിൽ ഓരോരുത്തരും യഥാർത്ഥമായ ആവേശമുൾക്കൊണ്ട് മനുഷ്യകുലത്തോട് സഹതാപമുള്ളവരും മുസ്‌ലീം സമുദായത്തോടുള്ള സ്നേഹമനുസരിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ സന്ദേശം ലോകത്തുള്ള ഓരോരുത്തർക്കും എത്തിക്കുന്നവരുമായിത്തീരുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ അല്ലാഹു എം. ടി. എ. എന്നമാർഗ്ഗവും നമുക്ക് തന്നിരിക്കുന്നു. നിങ്ങളുടെ സുഹൃത്തുക്കളെ ഇതു പരിചയപ്പെടുത്തി കൊടുക്കേണ്ടതാണ്. പക്ഷേ ഒരു കാര്യം ഓർക്കുക. തബ്ലീഗ് ചെയ്യുന്നതിന്, സന്ദേശമെത്തിക്കുന്നതിന് ഒരു രീതിയും സാമർത്ഥ്യവും ഒക്കെയുണ്ട്. ഈ സ്ഥിരോത്സാഹത്തോടും ആവേശത്തോടും വികാരത്തോടും കൂടി - അതിനോടൊപ്പം യുക്തിയും ബുദ്ധിയും ശ്രദ്ധിക്കേണ്ടതാണ് - ഈ സന്ദേശമെത്തിക്കേണ്ടതാണ്. കാരണം ജനങ്ങളെ സ്വാധീനിക്കുവാൻ അതിനുകഴിയണം. ഏതു ഉദ്ദേശ്യത്തോടുകൂടിയാണോ നാം സന്ദേശമെത്തിക്കുന്നത്, ആ ഉദ്ദേശ്യം സഫലമാകണം. അല്ലാതെ ലോകത്ത് കലഹമുണ്ടാകുവാൻ പാടില്ല. അതുകൊണ്ട് ഈ ഖുർആനിക വചനം എപ്പോഴും മുന്നിൽ കാണേണ്ടതാണ്.

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ
وَجَادِلْهُم بِالَّتِي هِيَ أَحْسَنُ إِنَّ رَبَّكَ هُوَ أَعْلَمُ
بِمَن ضَلَّ عَن سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ

തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായരീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗ്ഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു. (16 : 126)

വിവിധ രീതികളെ ഉപയോഗിക്കുക. വിവിധ ആളുകൾ വിവിധ പ്രകൃതക്കാരായിരിക്കും. ആ പ്രകൃതി അനുസരിച്ച് അവരെ ഉപദേശിക്കുക. അവരെ ഉപദേശിക്കേണ്ടതാണ്. തബ്ലീഗ് ചെയ്യേണ്ടതാണ്. ഫിത്ന ഉണ്ടാകുമെന്ന് ഭയപ്പെടുന്നുവെങ്കിൽ, ദുആ ചെയ്തുകൊണ്ട് - യഥാർത്ഥ കാര്യം ദുആ തന്നെയാണ്, അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വലിച്ചുകൊണ്ടുവരുന്നു. - അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് അവനോട് സഹായം തേടികൊണ്ട് അത്തരം സ്ഥലങ്ങളിൽ നിന്ന് താല്ക്കാലികമായി രക്ഷപ്പെടേണ്ടതാണ്. എഴുന്നേറ്റുപോരേണ്ടതാണ്. അവർക്കുവേണ്ടിയുള്ള ദുആ നിർത്തിക്കളയുക എന്നതല്ല പറഞ്ഞത്. മറിച്ച് അവരുടെ സന്മാർഗത്തിനായി തുടർച്ചയായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ഇത് സംബന്ധിച്ച് പറയുന്നു: ഉപദേശിക്കേണ്ടയാളെ നല്ല ഭാഷയിൽ ഉപദേശിക്കുക. കാര്യം ഒന്നായിരിക്കും. ഒരു രീതിയിൽ അതു ചെയ്യുമ്പോൾ ഒരാളെ ശത്രുവാക്കിയേക്കാം. മറ്റൊരു രീതിയിൽ സുഹൃത്തുമാക്കിയേക്കാം അതുകൊണ്ട് 'ജാദിൽഹും ബില്ലത്തീഹിയ അഹ്സൻ' അനുസരിച്ച് നിങ്ങൾ കർമങ്ങൾ ചെയ്യുക. ഈ അവതരണ രീതിയ്ക്കാണ് അല്ലാഹു ഹിക്മത്ത് എന്നു പേരുവെച്ചിട്ടുള്ളത്. അവൻ പറയുന്നു: '*യുഅ്തിൽ ഹിക്മത്ത മൻയ്യശാഅ്* ' താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ യുക്തിജ്ഞാനം നൽകുന്നു. (2 : 270)

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ യുക്തിജ്ഞാനം ലഭിക്കുന്നത് അല്ലാഹു ഇച്ഛി

ക്കുന്നവനാണ്. അതുകൊണ്ട് ദാഇ ഇലല്ലാ തബ്ലീഗ് ചെയ്യുന്ന വ്യക്തി അല്ലാഹുവിന്റെ മുന്നിൽ ഒരുപാട് ഒരുപാട് കുനിയുന്നവനും അവനോട് സഹായം ചോദിക്കുന്നവനും ആകേണ്ടതാണ്.

അല്ലാഹുവിലേക്ക് നാം ആരെയെങ്കിലും വിളിക്കുമ്പോൾ അല്ലാഹുവിന്റെ മധ്യസ്ഥതതയിലൂടെ മാത്രമേ നമുക്കിതെല്ലാം കരസ്ഥമാക്കാനൊക്കുകയുള്ളു. അതുകൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിനുമുമ്പേ ദുആ ചെയ്യേണ്ടതാണ്. ക്ഷണിക്കുമ്പോഴും ദുആ ചെയ്യേണ്ടതാണ്. അതിനുശേഷവും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിട്ടുകൊണ്ടിരിക്കേണ്ടതാണ്. യുക്തിജ്ഞാനവും അറിവും അവന്റെ അനുഗ്രഹവും അവനിൽ നിന്ന് തേടികൊണ്ടിരിക്കേണ്ടതാണ്. ഇങ്ങനെ പ്രവർത്തനം ആരംഭിച്ചാൽ ഇൻശാഅല്ലാഹ് അതിരറ്റ അനുഗ്രഹമുണ്ടാകും.

നല്ലരീതിയിൽ സംവദിക്കുക എന്നതിന്റെ ഉദ്ദേശ്യമെന്താണ്?. അത് മുഖപ്രശംസചെയ്തു പേടിച്ച് കാര്യം മറച്ചുവെയ്ക്കലല്ല, പ്രത്യുത തന്റേടത്തോടുകൂടി ചെയ്യലാണ് എന്ന് വിവരിച്ചുകൊണ്ട് ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു.

"*ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ*- ഏറ്റവും ഉത്കൃഷ്ടമായ നിലയിൽ അവരോട് സംവാദം നടത്തുക- എന്നതിന്റെ താല്പര്യം, മുഖസ്തുതിനടത്തി സംഭവവിരുദ്ധമായ കാര്യം അംഗീകരിക്കുന്നരീതിയിൽ മൃതുസമീപനം കൈകൊള്ളുകയെന്നതല്ല. ദൈവമാണെന്ന് വാദിക്കുകയും നമ്മുടെ റസൂലിനെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ കള്ളവാദിയെന്ന് പറയുകയും നഊദുബില്ലാഹ് മൂസായ്ക്ക് കൊള്ളക്കാരനെന്ന് പേരുവെക്കുകയും നഊദുബില്ലാഹ് ചെയ്യുന്ന വ്യക്തിയെ സൻമാർഗ്ഗി എന്നുവിളിക്കാൻ പറ്റുമോ? അങ്ങനെചെയ്യുന്നത് ഉത്കൃഷ്ടമായരീതിയിൽ ചെയ്യുന്ന സംവാദമാണോ? ഒരിക്കലുമല്ല. അത് കപടമായ കീർത്തനവും വിശ്വാസവഞ്ചനയുടെ ഒരു ഭാഗവുമാണ്."

ചിലയാളുകൾ ചിലപ്പോൾ അന്തരീക്ഷം തണുപ്പിക്കുന്നതിനുവേണ്ടി, എന്തുപറഞ്ഞാലും ഹാ,ഹാ എന്നുപറഞ്ഞൊഴിയും എന്നിട്ടു, അപ്പോൾ അതായിരുന്നു ആവശ്യമെന്നും എല്ലാം സമ്മതിച്ചുകൊടുത്താൽ അവർ നമ്മളോടൊപ്പം വരാൻ സാധ്യതയുണ്ടെന്ന് ഞാൻ മനസ്സിലാക്കിയെന്നുമൊക്കെ പറയും. ഇത് തെറ്റായരീതിയാണ്. ഇത് ഭീരുത്വമാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ കുറവാണ്. താനാണ് ഹൃദയത്തിൽ പരിവർത്തനമുണ്ടാക്കേണ്ടതെന്നും നിങ്ങളുടെ ജോലി സന്ദേശമെത്തിച്ചു കൊടുക്കുക എന്നതുമാത്രമാണെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട് അത്തരംഘട്ടങ്ങളിൽ തന്റേടത്തോടെ ഇതുതെറ്റായകാര്യങ്ങളാണെന്ന് തുറന്ന് പറഞ്ഞ് അവിടന്ന് എഴുന്നേറ്റ് പോകേണ്ടതാണ്. അവരുടെ കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക.

ഹിക്കുമത്ത് എന്താണെന്നും സന്ദർഭാനുസരണം എങ്ങനെ സംസാരിക്കണമെന്നും വിവരിച്ചുകൊണ്ട് ഹസ്റത്ത് അലി (റ) പറയുന്നു. "മനസ്സുകൾക്ക് കുറച്ചാഗ്രഹങ്ങളും ചായ്വുകളുമുണ്ട്. ഇക്കാരണത്താൽ ചിലപ്പോൾ പറയുന്നത് കേൾക്കാൻ അത് തയ്യാറായിരിക്കും ചിലപ്പോൾ തയ്യാറായിരിക്കുകയില്ല. അതുകൊണ്ട് ജനമനസ്സുകളിൽ ഈ ചായ്വ് അനുസരിച്ച് കടന്ന് കേൾക്കാൻ അത് തയ്യാറായിരിക്കുന്നഘട്ടത്തിൽ കാര്യം പറയുക. എന്തുകൊണ്ടെന്നാൽ, എന്തെങ്കിലും കാര്യത്തിൽ നിർബന്ധിച്ചാൽ അത് അന്ധമായിതീരുമെന്നതാണ് മനസ്സിന്റെ അവസ്ഥ." അതായത് ചിലപ്പോൾ കാര്യങ്ങൾ കേൾക്കാനിഷ്ടപ്പെട്ടില്ല. നിഷേധിച്ചുകളയും. ഈ മൊഴിയനുസരിച്ച് പ്രവർത്തിക്കാൻ ഏറ്റവും ഉത്തമമായ മാർഗ്ഗം, വ്യക്തിഗതമായബന്ധമുണ്ടാക്കുകഎന്നതാണ്. ആരുമായിട്ടാണോ ബന്ധപ്പെടുന്നത്, ആരേയാണോ തബ്ലീഗ് ചെയ്യുന്നത് അവരുമായി വ്യക്തികതബന്ധം സ്ഥാപിക്കുക. പിന്നീട് ഈ വ്യക്തിഗതമായബന്ധവും വ്യക്തിഗത മായസ്നേഹവും സ്ഥിരമായി നിലനിൽക്കേണ്ടതാണ്. സന്ദർഭാനുസരണം ഇടയ്ക്കിടെ പറയാനുള്ളകാര്യങ്ങൾ എടുത്തിടേണ്ടതാണ്. ചിലപ്പോൾ അത് അവരെ സ്വാധീനിക്കും. ഭീരുത്വം കാണിക്കുകയോ ഉത്സാഹകുറവ് കാണിക്കുകയോ ചെയ്യുന്ന ചില യാളുകളുണ്ട്. അവർ സന്ദർഭമൊന്നും നോക്കുകയില്ല. അതുകൊണ്ട് ഉള്ളബന്ധംകൂടി അവസാനിക്കുന്നു. തബ്ലീഗ് ചെയ്യപ്പെടുന്നവ്യക്തിയെ തികച്ചും അവഗണിച്ചുകളയുന്നു.

മറ്റൊരുകാര്യം എന്താണെന്നുവെച്ചാൽ ചിലയാളുകൾക്ക് ദീനിനോട് ഒരു ചായ്വും ഉണ്ടാവുകയില്ല. ആദ്യമേതന്നെ അവരെ തബ്ലീഗ് ചെയ്യാൻതുടങ്ങിയാൽ അവർക്കതിൽ ഒരുതാൽപര്യവും ഉണ്ടാകുകയില്ല. കാരണം അവർ മതമില്ലാത്തവരാണ്. അവരിൽ ചിലർ ദൈവത്തെ വിശ്വസിക്കുന്നവരുമല്ല. അവരുടെ ജന്മമതത്തിൽതന്നെ അവർ അകന്നവരാണ്. മതത്തിനോട് അവർക്ക് ഒരു താല്പര്യവുമുണ്ടാകുകയില്ല. പിന്നെഅവരെങ്ങനെ നമ്മുടെ കാര്യം കേൾക്കാനാണ്?. ആദ്യം മതത്തിലുള്ളവിശ്വാസം അവരിൽ ഉണ്ടാക്കിതീർക്കേണ്ടിവരും, ദൈവത്തെ പരിചയപ്പെടുത്തി കൊടുക്കേണ്ടിവരും. ഇങ്ങനെ സംസാരിച്ചുപോകുകയാണെങ്കിൽ തബ്ലീഗ് ചെയ്യപ്പെടുന്ന വ്യക്തിയിൽ മാത്രമല്ല സ്വാധീനമുണ്ടാക്കുക അത് കേട്ടുനിൽക്കുന്നവരിലും സ്വാധീനമുണ്ടാക്കും. ദൈവഭയമുള്ള യാളാണിയാളെന്നും, എല്ലാപ്രവൃത്തിയും ദൈവത്തിനുവേണ്ടിചെയ്യുന്നയാളാണെന്നും, ദൈവത്തിനുവേണ്ടി ദൈവത്തിലേക്ക് വിളിക്കുന്നയാളാണെന്നും, ദൈവത്തിന്റെ ദാസന്മാർ ദൈവത്തിന്റെമുമ്പിൽ കുമ്പിടുന്നതിനുവേണ്ടി വിഷമിക്കുന്നയാളാണെന്നും, സ്വാർത്ഥലാഭത്തിനുവേണ്ടിയല്ല ഇയാൾ പ്രവർത്തിക്കുന്നതെന്നുമുള്ളതിരിച്ചറിവ് ജനങ്ങളിൽ

പ്രകടമാകും. എന്തൊന്നുണ്ടോ അത് അല്ലാഹുവിനു വേണ്ടിയാണെന്നുള്ളചിന്താഗതി ജനങ്ങളിൽ വളരെ സ്വാധീനമുണ്ടാക്കും. അല്ലാഹുവിലേക്ക് ക്ഷണിക്കാനുള്ള മറ്റുഅവസരങ്ങളും കൈവരും. അതിൽ എളുപ്പമുണ്ടാകും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: നമ്മുടെയാളുകൾ എതിരാളികളോട് കഠിനമായി പെരുമാറരുത് പരുപരുത്ത അവരുടെ ചേദ്യങ്ങൾക്ക് മൃദുവായ ഭാഷയിൽ മറുപടി പറയുക, ദയയോടുകൂടി പെരുമാറുക. കാരണം അവരുടെ ചിന്താഗതികൾ ദീർഘകാലമായി മനസ്സിൽ കുടികൊള്ളുന്നതാണ്. അതുപതുക്കെ പതുക്കെ മാത്രമേ അകലുകയുള്ളു. അതുകൊണ്ട് മൃദുവായി പ്രവർത്തിക്കുക. കഠിനമായി അവർ എതിർക്കുകയാണെങ്കിൽ പിന്മാറികളയുക. എന്നാൽ ഇക്കാര്യത്തിനുവേണ്ടി നിങ്ങളിൽ ആകർഷണശക്തിയുണ്ടാക്കുക. ആകർഷണശക്തിയുണ്ടാകുന്നത് നിങ്ങൾ സത്യസന്ധനായ വിശ്വാസിയാകുമ്പോഴാണ്.

തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനുവേണ്ടി, അകർഷണം ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടി സത്യവാനായ വിശ്വാസിയാകണം. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കണം. അല്ലാഹു കല്പിച്ചത് നടപ്പിൽ വരുത്താൻ ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ സഹായം അതിനോടൊപ്പം ഉണ്ടാകുന്നതാണ്. ജനങ്ങളിലും അത് സ്വാധീനമുണ്ടാക്കും.

ക്രിസ്തീയ പാതിരിമാർ തബ്ലീഗ് ചെയ്യുന്നത് നോക്കുക. വേദനയകറ്റുന്നവരാണെന്ന വിശ്വാസമുണ്ടാക്കിയാണ് അധികവും അവർ ജനങ്ങളെ വശത്താക്കുന്നത്. ജനങ്ങൾ അങ്ങനെ അവരിലേക്ക് തിരിയുന്നു. പ്രത്യേകിച്ച് ആഫ്രിക്കയിൽ വളരെ സഹതാപത്തോടെയാണ് അവർ ജനങ്ങളോട് പെരുമാറുന്നത്. മനസ്സിലെന്താണെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. ബാഹ്യമായ നിലയിൽ ഗ്രാമങ്ങളിൽപോയി സഹതാപം കാണിക്കുന്നു. അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നു. അവർക്ക് സന്ദേശം എത്തിച്ചുകൊടുക്കുന്നു. ഇതെല്ലാം സത്യവിരുദ്ധമായ ഒരു ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് അവർചെയ്യുന്നത്. യഥാർത്ഥ സത്യം നമ്മുടെ കൈയിലുള്ളപ്പോഴാണ് അവർ ഇങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് ഇതിലേക്ക് അധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. മനുഷ്യകുലത്തെ നാശത്തിൽ നിന്ന് രക്ഷിക്കാൻ ഇതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ലോകത്ത് മൂന്നുതരത്തിലുള്ള ജനങ്ങളുണ്ട്. പൊതുജനങ്ങൾ, മധ്യനിലയിലുള്ളവർ, സമ്പന്നർ. പെതുജനങ്ങൾ പൊതുവെ ചിന്താശക്തി കുറഞ്ഞവരായിരിക്കും. അവർക്ക് ദീനീപരമായ അത്രവലിയ അറിവൊന്നും ഉണ്ടായിരിക്കുകയില്ല. മനസ്സിലാകുകയുമില്ല. അവരുടെ അറിവ് സാധാരണമായിരിക്കും. അതുകൊണ്ട് അവർക്ക് മനസ്സിലാക്കികൊടുക്കുക വളരെ ദുഷ്കരമായിരിക്കും. സമ്പന്നന്മാർക്ക് മനസ്സിലാക്കാനും പ്രയാസമുണ്ട്. എന്തുകൊണ്ടെന്നാൽ അവർ സഹനശക്തിയില്ലാത്തവരാണ്. പെട്ടെന്ന് പരിഭ്രമിക്കുന്നു. അഹങ്കാരവും പൊങ്ങച്ചവും മറ്റുതടസ്സങ്ങളും അവർക്കുണ്ടാകുന്നു. ഒന്നാമതായി അവർക്ക് ഭൗതികസ്ഥാനമാനങ്ങളെക്കുറിച്ച് എപ്പോഴും ആശങ്കയുണ്ടായിരിക്കും. രണ്ടാമതായി അഹങ്കാരമുണ്ടാകുന്നു. സ്വയം വലിയവനാണെന്ന് മനസ്സി ലാക്കുന്നു. അതുകൊണ്ട് അവരോടു സംസാരിക്കുന്നവർ അവരുടെ രീതിയനുസരിച്ച് സംസാരിക്കേണ്ടതാണ്. അതായത്, ഹ്രസ്വവും എന്നാൽ എല്ലാകാര്യങ്ങളും അടങ്ങിയതുമായനിലയിൽ സംസാരിക്കുക. പൊതുജനങ്ങളെ തബ്ലീഗ് ചെയ്യുന്നതിന് പ്രസംഗം വളരെ വ്യക്തവും ലളിതവുമായിരിക്കേണ്ടതാണ്. പിന്നെയുള്ളത് മധ്യമനിലക്കാരാണ്. അവരിൽ അധികവും തബ്ലീഗിന്നർഹരാണ്. അവർകാര്യങ്ങൾ മനസ്സിലാക്കും. അവരുടെ പ്രകൃതിയിൽ സമ്പന്നരിലുള്ള അഹങ്കാരമോ പൊങ്ങച്ചമോ ഒന്നും ഉണ്ടാകുകയില്ല. അതുകൊണ്ട് ഇവർക്ക് മനസ്സിലാക്കികൊടുക്കുക എന്നത് അധിക പ്രയാസമില്ല.

വീണ്ടും അവിടന്ന് പറഞ്ഞു: സംസാരിക്കുമ്പോൾ ചിന്തിച്ചും ഹൃസ്വവുമായനിലയിലും സംസാരിക്കുക. ഒരുപാട് വാദപ്രതിവാദം നടത്തുന്നതുകൊണ്ട് ഒരു ഫലവുമില്ല. നേരെ ചെവിയുടെ ഉള്ളിലെത്തും വിധം ചെറിയ രസകരമായ ഫലിതം എന്തെങ്കിലും ഏതെങ്കിലും നേരത്ത് തട്ടിവിടാം. വീണ്ടും കണ്ടുമുട്ടുമ്പോൾ പന്നെയും തുടങ്ങാം. അങ്ങനെ മെല്ലെമെല്ല സത്യസന്ദേശം എത്തിച്ചുകൊടുക്കണ്ടതാണ്. ക്ഷീണിക്കാൻ പാടില്ല. കാരണം അല്ലാഹുവിനെ സ്നേഹിക്കുന്നവരേയും അവരുമായിബന്ധംവെക്കുന്നവരേയും ഭ്രാന്തന്മാരായാണ് ഇക്കാലത്ത് മനസ്സിലാക്കുന്നത്. സ്വഹാബത്ത് ഇക്കാലത്തുണ്ടായിരുന്നെങ്കിൽ ജനങ്ങൾ അവരെ ഭ്രാന്തന്മാരെന്ന് വിളിക്കുമായിരുന്നു. കാഫിറെന്ന് വിളിക്കുമായിരുന്നു. രാപകലുള്ള അനാവശ്യ സംസാരങ്ങളും പലരീതിയിലുള്ള ശീലവും ഭൗതീകമായ ചിന്തയുംകൊണ്ട് ഹൃദയം കടുത്തുപോകുന്നു. സംസാരത്തിന്റെ ഫലം ഉണ്ടാകുന്നത് താമസിച്ചിട്ടാണ്. ഒരാൾ, അലീഗഡിയാണെന്നു തോന്നുന്നു തഹസീൽദാർ ആയിരുന്നു. ഞാൻ അയാളെ കുറച്ച് ഉപദേശിച്ചു. അയാൾ എന്നെ പരിഹസിക്കാൻ തുടങ്ങി. നിന്നെ വിടുകയില്ലെന്ന് ഞാൻ മനസ്സിൽ പറഞ്ഞു. അവസാനം സംസാരിച്ച് സംസാരിച്ച്, എന്നെപരിഹസിച്ചുകൊണ്ടിരുന്നയാൾ നിലവിളിക്കാൻ തുടങ്ങിയ ആനേരം വന്നെത്തി. നല്ല മനുഷ്യൻ ചിലപ്പോൾ കഠിനഹൃദയനാണെന്ന് തോന്നാറുണ്ട്. അതുകൊണ്ട് ഓർമ്മിക്കുക. ഓരോ മനുഷ്യനും ഒരു താക്കോലുണ്ട്. സംസാരത്തിനും ഒരു താക്കോലുണ്ട്. ശരിയായ ഒരു രീതിയുണ്ട്.

വിവിധരോഗികൾക്കുകൊടുക്കുന്ന വിവിധമരുന്നിന്റെ ഉദാഹരണം പറഞ്ഞുകൊണ്ട് അവിടന്ന് പറയുന്നു: ഒരാൾക്ക് ഫലം ചെയ്യുന്നതാണ് അയാൾക്ക് കൊടുക്കേണ്ടത്. എല്ലാവരോടും ഒരുപോലെയല്ല സംസാരിക്കേണ്ടിവരുന്നത്. ആരെങ്കിലും ദോഷം പറഞ്ഞാൽ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നയാൾ അതിനെ ദോഷമായികാണരുത്. അയാൾ സ്വന്തം പ്രവർത്തിമുറപോലെചെയ്തുകൊണ്ടിരിക്കണം. ക്ഷീണിക്കാൻ പാടില്ല. സമ്പന്നന്മാർ സഹനശക്തി വളരെ കുറഞ്ഞവരാണ്. അവർ ലോകത്തുനിന്ന് അശ്രദ്ധരുമായിരിക്കും ഒരുപാടുകാര്യങ്ങൾ കേൾക്കാനും അവർക്ക് കഴിയില്ല. അവരെ ഏതെങ്കിലും നേരത്ത് ഏതെങ്കിലും രീതിയിൽ അങ്ങേയറ്റം മൃദുവായ ശൈലിയിൽ ഉപദേശിക്കേണ്ടതാണ്.

തബ്ലീഗ് ചെയ്യുന്നവരോട് വീണ്ടും പറഞ്ഞു: ഈ പ്രവർത്തനത്തിന് അനുയോജ്യമായിട്ടുള്ളവർ *'മൻയ്യെത്തഖി വ യസ്ബിർ'* സൂക്ഷ്മത കൈകൊള്ളുകയും സഹനശീലത്തോടെ ഉറച്ചുനിൽക്കുകയും (12:91) ചെയ്യുന്നവരായിരിക്കും അവരിൽ തഖ്വയുടെ ഗുണവുംഉണ്ടാകണം. ക്ഷമയും ഉണ്ടാകണം. പരിശുദ്ധരായിരിക്കണം. കുഴപ്പങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും അകന്നുനിൽക്കുന്നവരായിരിക്കണം. പാപങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നവരായിരിക്കണം. അതിനോടൊപ്പം പ്രയാസങ്ങൾ വരുമ്പോൾ സഹിക്കുന്നവരുമായിരിക്കണം. ജനങ്ങൾ ശത്രുതകാണിക്കുമ്പോൾ കോപിക്കാൻ പാടില്ല. എല്ലാബുദ്ധിമുട്ടുകളും വിഷമങ്ങളും സഹിച്ച് ക്ഷമ കൈകൊള്ളുക. ആരെങ്കിലും മർദ്ദിച്ചാൽതന്നെ പോരാടരുത്. അതിൽ നിന്ന് ഫിത്ത്നയും ഫസാദും ഉണ്ടാകും. ശത്രു സംസാരത്തെ പ്രതിരോധിക്കുമ്പോൾ അവൻ ആഗ്രഹിക്കുന്നത് അവന് കോപമുണ്ടാക്കുന്നവാക്കുകൾ എതിർഭാഗത്ത് നിന്ന് ഉണ്ടാകണമെന്നാണ്. അങ്ങനെ എതിർകക്ഷി അവനുമായി ഏറ്റുമുട്ടി കലാപം ഉണ്ടാകണമെന്നുതന്നെ.

ഇതിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത്, ക്ഷീണിക്കരുതെന്നാണ്. ദഅ്വത്തെഇലല്ലായുടെ പ്രവർത്തി ഒരു സ്ഥിരമായ പ്രവർത്തിയാണ്. ഒരാളുമായി ബന്ധം സ്ഥാപിച്ചു. അല്ലെങ്കിൽ വർഷാന്ത്യത്തിൽ ടാർഗറ്റ് പൂർത്തിയാക്കുന്നതിനുവേണ്ടി രണ്ടുമാസം വഖ്ഫ്ചെയ്തു. അങ്ങനെയുള്ള പ്രവർത്തിയല്ല. വർഷംമുഴുവൻ ഈ പ്രവർത്തനത്തിൽ മുഴുകിയിരിക്കേണ്ടതാണ്. ആരെയാണോ നിങ്ങൾ പിടിക്കുന്നത് അയാൾ എങ്ങനെയുള്ളയാളാണെന്ന് മനസ്സിലാകുന്നതാണ്. പിന്നീട് നിരന്തരം അയാളുമായി ബന്ധപ്പെടണം. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും ഇയാൾ കഠിനഹൃദയനാണോഎന്ന്. അങ്ങനെയാണെങ്കിൽ അയാളെ വിട്ട് വേറെയാളെ എടുക്കുക. ഇങ്ങനെ ഈ പ്രവർത്തി നിരന്തരം നടക്കേണ്ടതാണ്. വർഷാന്ത്യത്തിൽ പ്രവർത്തിക്കാമെന്ന് കരുതി ഇടയ്ക്ക് ഉറങ്ങിപോകരുത്.

അല്ലാഹുവിലേക്ക് വിളിക്കുന്നവരിൽ അതിപ്രധാനമായി ഉണ്ടായിരിക്കേണ്ട ഒരു ഗുണമുണ്ട്. ഇതില്ലാതെ തബ്ലീഗിനുള്ള ആവേശമോ, താല്പര്യമോ, ഉപായമോ, യുക്തിയോ, ബുദ്ധിയോ, അറിവോ ഒന്നും പ്രയോജനപ്പെടുകയില്ല. ആ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് കർമ്മം. ഞാൻ പ്രാരംഭത്തിലോതിയ വചനത്തിൽ അല്ലാഹുവിലേക്ക് വിളിക്കുന്നവനെ പ്രശംസിച്ചുകൊണ്ട് പറഞ്ഞത് അവർ നന്മയിലേക്ക് വിളിക്കുകമാത്രമല്ല ചെയ്യുന്നത്, നന്മകൾ സ്വയം ചെയ്യുന്നവരുമായിരിക്കും എന്നാണ് അവരുടെ വാക്കിലും പ്രവർത്തനത്തിലും ഒരു വൈരുദ്ധ്യവുമില്ല. സ്വയം ഒന്നുചെയ്യുകയും ജനങ്ങളോട് മറ്റൊന്ന് പറയുകയും ചെയ്യുകയില്ല. ഇവരുടെ വാക്കും പ്രവർത്തനവും ഒരുപോലെയാകുമ്പോഴാണ് അല്ലാഹുവിന്റെ സന്നിധിയിൽ 'ഞങ്ങൾ പൂർണ്ണമായും അനുസരിക്കുന്ന വരിൽ പെട്ടവരാണ്' എന്നുപറയാൻ അർഹരാകു ന്നത്.

അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ് അല്ലാഹു. നമ്മുടെ നെഞ്ചിനുള്ളിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങളെയും അവൻ നല്ലവണ്ണം അറിയുന്നു. എല്ലാകാര്യങ്ങളും അവന്റെ അറിവിലുണ്ട്. നമ്മുടെ വാക്കിലും പ്രവർത്തനത്തിലും വൈരുദ്ധ്യമുണ്ടെങ്കിൽ, നിങ്ങൾ കളവാണ് പറയുന്നതെന്ന് അവൻപറയും. നിങ്ങൾ പൂർണ്ണമായും അനുസരണയുള്ളവരിൽപെട്ടവരല്ല. കാരണം നിങ്ങളുടെ വാക്കിലും പ്രവർത്തനത്തിലും വൈരുദ്ധ്യമുണ്ട്. പറയുന്നതൊന്ന്, ചെയ്യുന്നത് മറ്റൊന്ന്. അതുകൊണ്ട് വിശ്വാസികളെമറ്റൊരുസ്ഥലത്ത് അവൻ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിനുനിങ്ങൾ പറയുന്നു. നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുക എന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെക്രോധകരമാകുന്നു. (61.3,4)

അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കുകയില്ല. ജനങ്ങളുടെകണ്ണുകളിൽ പൊടിയിടാൻകഴിയും. ബാഹ്യമായ പരിശുദ്ധി പ്രകടിപ്പിച്ച് ജനങ്ങളെകൊണ്ട് 'വാഹ്,വാഹ് എന്നുപറയിപ്പിക്കാൻകഴിയും. ജനങ്ങൾക്ക് അതിന്റെ യാഥാർത്ഥ്യം എന്താണെന്ന് അറിയുകയില്ല. ബാഹ്യമായ നന്മ കണ്ടുകൊണ്ട് ഒരാളെ ഭാരവാഹിയാക്കാൻ, വോട്ടും കൊടുക്കുമവർ. ഭാരവാഹിയാക്കുകയും ചെയ്യും.

അല്ലാഹുവിലേക്ക് വിളിക്കുന്നവരിൽ പെടാൻവേണ്ടി തങ്ങളുടെ പേരും അത്യുത്സാഹത്തോടെ എഴുതിക്കും. അതുകൊണ്ടുള്ള പ്രയോജനമെന്താണ്? നിങ്ങളുടെ വാക്കിലും പ്രവർത്തനത്തിലും വൈരുദ്ധ്യമുള്ളതിനാൽ നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ പാപികളായിരിക്കും. ഗുണത്തിനു പകരം ദോഷമായിരിക്കും ഉണ്ടാവുക. അതുകൊണ്ട് ഓരോരുത്തരും അവരുടെ കണക്കെടുത്തുകൊണ്ടിരിക്കേണ്ടതാണ്. ഉദ്ദേശം ശുദ്ധമാണെങ്കിൽ മാത്രമേ പ്രവർത്തിയിൽ അനുഗ്രഹമുണ്ടാകുകയുള്ളു.

*ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത്.*

ഹസ്റത്ത് അഖ്ദസ് മസീഹ്മൗഊദ് (അ) പറയുന്ന: ഇസ്ലാമിന്റെ സംരക്ഷണവും സത്യതയും പ്രകടിപ്പിക്കുന്നതിന് ഏറ്റവും ആദ്യം ചെയ്യേണ്ടത് നിങ്ങൾയഥാർത്ഥ മുസ്ലിമിന്റെ മാതൃകയായികാണി ക്കുകയെന്നതാണ് രണ്ടാമത്തെ വശം അതിന്റെ സവിശേഷതകളും സൽഗുണങ്ങളും ലോകത്തു പരത്തുകയെന്നതാണ്.

അതുകൊണ്ട് ഓരോ ദാഇ ഇലല്ലായും, ഓരോ തബ്ലീഗ് ചെയ്യുന്ന വ്യക്തിയും ജീവിതം വഖ്ഫ് ചെയ്തിട്ടുള്ള ഓരോരുത്തരും ജമാഅത്തിന്റെ ഔദ്യോഗിക തലങ്ങളിലിരിക്കുന്ന ഓരോ ഭാരവാഹിയും ജമാഅത്ത് എന്നനിലയിൽ ജനങ്ങളുടെ ദൃഷ്ടി ഓരോരുത്തരുടേയും മേൽ പതിയുന്നതുകൊണ്ട് ഓരോ അഹ്മദിയും അവർ പുരുഷന്മാരാകട്ടെ സ്ത്രീകളാവട്ടെ, കുട്ടികളാവട്ടെ, വൃദ്ധന്മാരാവട്ടെ ഒരുമാതൃകയായിതീരാൻ ശ്രമിക്കേണ്ടതാണ്; അല്ലാഹു ദഅ്വത്തെഇലല്ലായുടെ രംഗത്ത് നമ്മെസഹായിക്കുന്നതിനുവേണ്ടി. നമ്മുടെ ജീവിതത്തിൽ അവന്റെ അനുഗ്രഹം പ്രകടമാകുന്നതിനുവേണ്ടി.

പ്രവർത്തനപരമായ ഈ മാതൃക നാം കാണിക്കാൻ തുടങ്ങുമ്പോൾ, അതിൽ നാം അർഹരായി തീരുമ്പോൾ, ഓരോവ്യക്തിയും-അവർ ഏതുപ്രായത്തിൽ പെട്ടവരായാലും ഏതുജോലിയുമായി ബന്ധപ്പെട്ടവരായാലും-തന്റെ പരിസരപ്രദേശങ്ങളിൽ ഈ പരിശുദ്ധമാറ്റത്തോടൊപ്പം തബ്ലീഗിനിറങ്ങിയാൽ, അപ്പോഴാണ് നമ്മൾ അല്ലാഹുവിലേക്ക് വിളിക്കുന്നവരിൽ ഉൾപ്പെടുന്നത്. അഹ്മദിയ്യത്തിന്റെ പതാക എത്രയുംപെട്ടന്ന് ലോകത്ത് നിലനാട്ടാൻ കഴിയും.

ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഒരിടത്തു പറയുന്നു: നിങ്ങളുടെ തരക്കാരേയും നിങ്ങൾക്കൊപ്പമുള്ളവരേയും അഹ്മദിയാക്കുക. കൃഷിക്കാർ കൃഷിക്കാരെ അഹ്മദിയാക്കുക. വക്കീൽ വക്കീലിനെ, ഡോക്ടർ ഡോക്ടറന്മാരെ, എഞ്ചിനീയർ എഞ്ചിനീയർമാരെ, പ്ലീഡർ പ്ലീഡറന്മാരെ അഹ്മദിയാക്കുക. ഇപ്രകാരം കുറച്ചു വർഷത്തിനുള്ളിൽ മഹത്തായ വിപ്ലവം ഉണ്ടാക്കാൻ കഴിയും. അതിനെതിരിൽ നൂഹിന്റെ പ്രളയം പോലും നിഷ്പ്രഭമായിതീരും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: നബി (സ) തിരുമേനിയുടെ വഫാത്തിനുശേഷം മദീനയുടെ അവസ്ഥ എന്തായിരുന്നു. ഓരോ അവസ്ഥയിലും മാറ്റമുണ്ടായി. ഈമാറ്റത്തെ മുന്നിൽകാണുക. അന്ത്യനിമിഷം വരെ എപ്പോഴും ഓർത്തുകൊണ്ടിരിക്കുക. വരും തലമുറ നിങ്ങളുടെ മുഖം നോക്കുന്നതാണ്. നിങ്ങളുടെ ഈ മാതൃകയെ നോക്കുന്നതാണ് നിങ്ങൾ പൂർണ്ണമായ നിലയിൽ ഈ അധ്യാപനം നടപ്പിൽ വരുത്തുന്നവരാകുന്നില്ലെങ്കിൽ നിങ്ങൾ വരും തലമുറയെ നശിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. മാതൃകനോക്കുക എന്നത് മനുഷ്യന്റെ പ്രകൃതിയിൽ പെട്ടതാണ്. മാതൃകയിൽ നിന്ന് അവൻ പെട്ടെന്ന് കാര്യം പഠിക്കുന്നു. മദ്യപാനി മദ്യം കുടിക്കരു തെന്ന് ഉപദേശിച്ചാൽ, വ്യഭിചാരി വ്യഭിചരിക്കരുതെന്ന് ഉപദേശിച്ചാൽ, മോഷ്ടാവ് മോഷ്ടിക്കരുതെന്ന് ഉപദേശിച്ചാൽ ആഉപദേശം മറ്റുള്ളവർക്ക് എന്തുപ്രയോജനപ്പെടാനാണ്. സ്വയം ചെയ്യുകയും മറ്റുള്ളവരെ തടയുകയും ചെയ്യുന്ന ഇവൻ ദുഷ്ടനാണെന്ന് അവർ പറയും. സ്വയം എന്തെങ്കിലും തിന്മചെയ്തുകൊണ്ട് മറ്റുള്ളവരെ ഉപദേശിക്കുന്നവൻ, മറ്റുള്ളവരേയും വഴിപിഴപ്പിക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ ഉപദേശിക്കുന്നവനും സ്വയം ചെയ്യാത്തവനും വിശ്വാസവഞ്ചകനാണ്. തങ്ങളുടെ കഥകൾ അവർവിട്ടുകളയുന്നു അത്തരം ഉപദേശികളെ കൊണ്ട് ലോകർക്ക് വലിയ നഷ്ടമുണ്ടാക്കുന്നു.

ഹസ്റത്ത് അഖ്ദ്ദസ് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, സ്വയം ഏതെങ്കിലും തിന്മയ്ക്ക് അടിപ്പെട്ട് മറ്റുള്ളവരെ എങ്ങനെ തിന്മയിൽ നിന്ന് തടയാനാണ് സ്വയം വഴിയറിയാതെ മറ്റുള്ളവർക്ക് എങ്ങനെവഴികാണിക്കാനാണ്. ആരെ നിങ്ങൾ ഉപദേശിച്ചാലും അയാൾ പറയും ആദ്യം നിങ്ങൾ നിങ്ങളെ നന്നാക്കുക, നിങ്ങളുടെ വീട്ടിലെ കാര്യങ്ങൾ മനസ്സിലാക്കുക. ഏകദൈവത്തെ ആരാധിക്കാൻ നിങ്ങൾ എന്നോടുപറയുന്നു. നമസ്ക്കാരസമയത്ത് നിങ്ങൾ വർത്തമാനം പറഞ്ഞും ഭൗതീകകാര്യങ്ങൾചെയ്തും കുത്തിയിരിക്കുന്നു. ഭാര്യയോട് നല്ല നിലയിൽ പെരുമാറാൻ അല്ലാഹു നിങ്ങളോട് പറഞ്ഞിട്ടില്ലെ. അവരെ നല്ലവണ്ണം സംരക്ഷിക്കാൻ പറഞ്ഞിട്ടില്ലെ. നിങ്ങളുടെ ഭാര്യ ചെയ്യുന്നതെന്താണ് ഓരോരോ വീട്ടിലും കയറിയിറങ്ങി എന്റെ ഭർത്താവ് അങ്ങേയറ്റം അക്രമിയാണെന്ന് പറഞ്ഞുനടക്കുന്നു. അവരെ നിങ്ങൾ അടിക്കുന്നു. അപമാനിക്കുന്നു. നിങ്ങൾ അക്രമിയായ അമ്മായിഅപ്പനാണ്. മരുമകളുടെ മേൽ പോലും കൈയ്യുയർത്താൻ മടിക്കുന്നില്ല. നിങ്ങൾ തബ്ലീഗ് ചെയ്യുന്നവർ ഇങ്ങനെയും പറയും. ആദ്യം നിങ്ങൾ നിങ്ങളുടെ ഭാര്യയെ പഠിപ്പിക്കുക. വീട്ടിലെ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കുക. അവരും ആകല്പനകൾ പാലിക്കട്ടെ. മരുമകളോട് നല്ലനിലയിൽ പെരുമാറട്ടെ. നിങ്ങൾ അയൽവാസിയുടെ അവകാശം അവർക്ക് വിട്ടുകൊടുക്കുക നിങ്ങളുടെ അയൽവാസി നിങ്ങളെകൊണ്ട് ബുദ്ധിമുട്ടുന്നു. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളോടുള്ള കടമ നിറവേറ്റുക. നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ കഠിനമായി വെറുക്കുന്നു. അവരുടെ വയസുകാലത്ത് നിങ്ങൾ അവരെ നോക്കുന്നില്ല. കൂടെ തൊഴിലുചെയ്യുന്നവരെ നിങ്ങൾ വഞ്ചിക്കുന്നു. ആദ്യം അവരുമായുള്ളബന്ധം ശുദ്ധമാക്കുക. നിങ്ങൾ നിങ്ങളുടെമേലുള്ള ഉദ്യോകസ്ഥന്മാരുടേ

യും കീഴുദ്യോകസ്ഥന്മാരുടേയും അവകാശം ധ്വംസിക്കുന്നു. അത് ആദ്യം കൊടുത്തുവരിക.

നിങ്ങൾ തബ്ലീഗ് ചെയ്യുന്നയാൾക്ക് നിങ്ങളെ കുറിച്ച് അറിയുന്നെങ്കിൽ അയാൾ ആദ്യം പറയുന്നത് ഇങ്ങനെയൊക്കെയായിരിക്കും. നിങ്ങളിൽ സമൂല മായമാറ്റം നിങ്ങളിൽ ഉണ്ടാക്കിയിട്ട് എന്നെതബ്ലീഗ് ചെയ്താൽമതി എന്നും എന്നിട്ട് എന്നോട് ജമാഅത്തിന്റെ ഗുണങ്ങൾ പറയണമെന്നും എന്നേയും അല്ലാഹുവിലേക്ക് വിളിക്കണമെന്നും അയാൾ പറയും. ഇല്ലെങ്കിൽ നിങ്ങൾ സ്വയം ജമാഅത്തിന്റെ പാഠമനുസരിച്ച് ഖുർആന്റെപാഠമനുസരിച്ച് പാപിയാണ്; അങ്ങനെയുള്ളനിങ്ങൾ എനിക്കെന്തു വഴികാണിച്ചു തരാനാണ് എന്നയാൾചോദിക്കും.

അതുകൊണ്ട് ഇത് ഇസ്തിഗ്ഫാർചെയ്യാനുള്ള സമയമാണ്. ഒരുപടൊരുപാട് ഇസ്തിഗ്ഫാർ ചെയ്യാനുള്ള സമയമാണ്. നിങ്ങളിൽ നിന്നുണ്ടായിട്ടുള്ള തെറ്റുകളും വീഴ്ച്ചകളും പൊറുത്തുതരാൻ അല്ലാഹുവിനോട് മാപ്പിരക്കുക. അവന്റെ മുന്നിൽ കുമ്പിടുക. കാരുണ്യം ചൊരിഞ്ഞുകൊണ്ട് ഞങ്ങളിൽ നിന്നുണ്ടായിട്ടുള്ള ദ്രോഹങ്ങൾ പൊറുക്കാൻ ദുആ ചെയ്യുക. തുടർന്ന് നിന്നോടുള്ള കടമകൾ നിറവേറ്റാൻ തൗഫീഖ് തരാനും അല്ലാഹുവിനോട് ദുആ ചെയ്യുക. നിന്റെ അടിയാറുകളോടുള്ളകടമ നിറവേറ്റാൻ തൗഫീഖ് തരേണമേയെന്നും അവനോട് പ്രാർത്ഥിക്കുക. അല്ലാഹു നമ്മളിൽ അർപ്പിച്ചിട്ടുള്ള ജോലി നിർവഹിക്കാൻ അവൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ഓർമ്മിക്കുക, വ്യക്തിഗതമായ ജീവിതമാതൃകയിലേക്കാണ് ജനങ്ങൾ ഒരുപാടു ശ്രദ്ധിക്കുന്നത്. ഒരുപാടു സംഭവങ്ങളുണ്ട്. ഒരാൾ എന്നോട് പറഞ്ഞു: അയാൾ അഹ്മദിയ്യത്തിനോട് ഒരുപാടുഅടുത്തുനിന്നു. ബൈഅത്ത്ചെയ്യാൻവരെ ആഗ്രഹിച്ചിരുന്നു എന്നാൽ അയാളുടെ ഒരഹ്മദി സ്നേഹിതൻ അയാളെ വഞ്ചിച്ചു. അക്കാരണത്താൽ, ജമാഅത്തിനെ അയാൾ നല്ലതാണെന്നറിഞ്ഞിട്ടും നിഷേധിച്ചു. എന്തായാലും ഇതയാളുടെ ദൗർഭാഗ്യമായിരുന്നു, കർമ്മഫല മായിരുന്നു. അത്കൊണ്ട് അയാൾക്ക് അവസരം കിട്ടിയില്ല. എന്നാൽ ആഅഹ്മദിയുടെ പേരും ഈ തിന്മയോടൊപ്പം കേൾക്കപ്പെട്ടു. അതുകൊണ്ട് ഈ ഹദീസ് എപ്പോഴു ഓർമ്മിക്കുക.

സന്മാർഗ്ഗത്തിലേക്ക് വിളിക്കുക. സന്മാർഗ്ഗത്തിലേക്ക് വിളിക്കുന്നവന്റെ പ്രതിഫലം ചെമന്ന ഒട്ടകം കരസ്ഥമാക്കുന്നതിനേക്കാൾ അധികമാണ്. ഭൗതികവും ആത്മീകവുമായ അനുഗ്രഹം അല്ലാഹു നൽകുന്നു.

ഹസ്റത്ത് അഖ്ദ്‌സ് മസീഹ് മൗഊദ് (അ) പറയുന്നു: നമ്മൾ വിജയം വരിക്കുന്നതിനുള്ള ആയുധം ഇസ്തിഗ്ഫാറും, തൗബയും, മതപരമായ അറിവും, അല്ലാഹുവിന്റെ മഹത്വം മുന്നിൽകാണലും, അഞ്ചുനേരനമസ്ക്കാരം അനുഷ്ടിക്കലുമാണ്. നമസ്ക്കാരം ദുആ സ്വീകാര്യത്തിനുള്ള താക്കോലാണ്. നമസ്ക്കരിക്കുമ്പോൾ അതിൽ ദുആചെയ്യുക. അശ്രദ്ധകാണിക്കരുത്. ഓരോ തിന്മയിൽനിന്നും - അത് അല്ലാഹുവിനോടുള്ളകടമ നിറവേറ്റുന്ന കാര്യത്തിലായാലും സമസൃഷ്ടികളോടുള്ളകടമ നിറവേറ്റുന്നകാര്യത്തിലായാലും-രക്ഷപ്പെടുക.

നമ്മുടെ ഉത്തരവാദിത്തം മനസ്സിലാക്കാനും, ബൈഅത്ത് നിബന്ധന നിറവേറ്റി ജീവിക്കാനും, ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം സ്വയം നടപ്പിൽ വരുത്താനും, ജനങ്ങൾക്ക് കാണിച്ചു കൊടുക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ഇസ്ലാമിന്റെ വിജയം നമ്മുടെ കൺമുമ്പിൽകാണാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 04 - 06 - 2004 at
Nunspet, Holand.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**